ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സർ, ഞാൻ സംസാരിക്കുമ്പോഴും മി. രാഘവനു സംസാരിക്കാൻ അധികാരമില്ല. ഒരാൾ എഴുന്നേറ്റു നിന്നു സംസാരിക്കുമ്പോഴും സംസാരിക്കാൻ അധികാരമില്ലാ എന്ന പ്രാഥമികമായ മര്യാദപോലും അറിയാതെ നിയമസഭയിൽ വന്നു എന്തെങ്കിലും പറയുന്നതു കൊണ്ടു ഒരു പ്രയോജനവുമില്ല.

(സഭയിൽ ബഹളം)

ഞങ്ങളുടെ അഹന്തകൊണ്ടാണു ഈ ബില്ലു പാസാക്കിയതു.....

ശ്രീ. എം. വി. രാഘവൻ: മുഖ്യമന്ത്രി മറുപടി പറയുമ്പോഴും എന്തെങ്കിലും പറഞ്ഞാൽ പോര. ഞാൻ ഗൗരവപൂർവ്വം തന്നെയാണു പറഞ്ഞതു.

ശ്രീ. സി. എച്ച്. മുഹമ്മദു കോയ: സർ, ഞാൻ വഴങ്ങുന്നില്ല. ഞാൻ സംസാരിച്ചുകൊണ്ടിരിക്കുന്നു. സഭയിൽ എല്ലാവർക്കും ഒരേ നിയമമാണു. ഞാൻ വഴങ്ങിയാൽ മാത്രമേ മറ്റുള്ളവർക്കു സംസാരിക്കാൻ പാടുള്ളൂ ശ്രീ. എം. വി. രാഘവനു ഒരു നിയമവും ബാധകമല്ല എന്നാണെങ്കിൽ ഞാൻ അദ്ദേഹത്തോടു വഴക്കിനു പോകുന്നില്ല. ഈ നിയമം പാസാക്കിത്തരണമെന്നഭ്യർത്ഥിക്കുകയാണു.

(സഭയിൽ ബഹളം)

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർമാർ നിയമസഭയിൽ ഇരുന്നു അങ്ങോട്ടുമിങ്ങോട്ടും സംസാരിക്കാൻ പാടില്ല.

ശ്രീ. എം. വി. രാഘവൻ: ഒരു മെമ്പർ പ്രസംഗിച്ചത് ഗൗരവപൂർവ്വം പറഞ്ഞതല്ല എന്നോ? നിയമസഭയിൽ ഇങ്ങനെ പറയാൻ പാടില്ലെന്ന് അങ്ങോട്ടു പറഞ്ഞുകൊടുക്കണം.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ അദ്ദേഹത്തിന്റെ അഭിപ്രായം പ്രകടിപ്പിച്ചു എന്നേ ഉള്ളൂ. നമ്മളും സംസാരിക്കുമ്പോഴും നിയമസഭയിൽ കൂടുതൽ നല്ല വാക്കുകളും ഉപയോഗിച്ചു സംസാരിക്കണം.

The question that the Kerala Panchayats (Amendment) Bill, 1979 be finally passed was put and carried.

The Bill was finally passed.

VI. 58-ാം ചട്ടപ്രകാരമുള്ള ചർച്ച

കയർ വ്യവസായത്തിലെ സ്തംഭനാവസ്ഥ

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഈ മാസം 23-ാം തീയതിയിലെ മലയാളമനോരമ പത്രത്തിൽ ഒരു വാർത്ത ഉണ്ടായിരുന്നു അതിൽനിന്നു ഒരു ഭാഗം ഞാൻവായിക്കുകയാണു.

"ശിവരാമൻ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ചു ചർച്ച ചെയ്യുന്നതിനു ഡെൽഹിയിൽച്ചേർന്ന കമ്മിറ്റി യോഗത്തിൽ പങ്കെടുത്ത സംസ്ഥാന ഗവൺമെന്റിന്റെ പ്രതിനിധികൾക്ക് ഇതു സംബന്ധിച്ചു ഒരു വ്യക്തമായ നിർദ്ദേശം നൽകിയിരുന്നത്രേ. അതിനാൽ കമ്മിറ്റിയോഗം തീരുമാനമെടുക്കാതെ പിരിഞ്ഞു. അതിനാൽ തൊണ്ടുനിയന്ത്രണ ഉത്തരവിന്റെ

LIBRARY ARCHIVES Kerala Legislative Assembly

വിവിധ വശങ്ങളെക്കുറിച്ച്, പുനഃസംഘടിപ്പിച്ച മന്ത്രിസഭയിലെ വ്യവസായവകുപ്പുമന്ത്രി കേന്ദ്ര വ്യവസായ വകുപ്പുമന്ത്രിയുമായി ചർച്ചകൾ നടത്തി. മന്ത്രിതല ചർച്ചകൾക്കുശേഷം മാത്രമെ കമ്മിറ്റി വീണ്ടും യോഗം ചേരൂ."

സർ, ഈ വാർത്ത വളരെ ഉൽക്കണ്ഠ ഉളവാക്കിയ വാർത്തയാണ്. കയർ വ്യവസായത്തിന്റെ പ്രശ്നങ്ങൾ വളരെ സങ്കീർണ്ണമാണ്. നമ്മുടെ സംസ്ഥാനത്ത് പത്തു ലക്ഷം കുടുംബങ്ങളെ ഉപജീവിപ്പിക്കുന്ന വ്യവസായമാണ്. ഈ വ്യവസായത്തിൽ ഏർപ്പെട്ടു പണിയെടുക്കുന്ന തൊഴിലാളികളുടെ ദുരിതങ്ങളെപ്പറ്റിയൊന്നും ഈയവസരത്തിൽ പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. വാക്കുകൾക്ക് അതീതമാണ് അവരുടെ കഷ്ടപ്പാടുകൾ. സർ, ഈ വ്യവസായത്തിന്റെ സങ്കീർണ്ണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഇതു പുനഃസംഘടിപ്പിക്കുന്നതിനുമുള്ള നടപടികൾ വളരെ വർഷങ്ങൾക്കു മുമ്പുതന്നെ ആരംഭിച്ചതാണ്. നമ്മുടെ തിരുവിതാംകൂറിൽ 1949-ൽ ഇതിനുള്ള നടപടി ആരംഭിച്ചിരുന്നു. അന്ന് മി. സ്മിത്ത് ചെയർമാനായി ഒരു കമ്മിറ്റി ഗവൺമെൻറ് അംഗീകരിച്ചു. ആ കമ്മിറ്റി ചില അഭിപ്രായങ്ങൾ പറഞ്ഞിരുന്നു.

"The Un-employment Enquiry Committee constituted by the Government of Travancore in 1949 with Mr. Smith as Chairman had also recommended the reorganisation of the Coir Industry on a Co-operative basis. The erstwhile Government of Cochin also seems to have recognised the feasibility of organising the Coir Industry on a Co-operative basis as they had organised a few societies on the line. With a view to organise the Industry on a sound basis and to eliminate the middlemen and capitalists who knock off all profits out of the Industry, and after a very careful consideration of the various aspects of the problem as also the various recommendations of the above-mentioned Committees, the present Scheme for the development of the Coir Industry on a Co-operative basis was launched by Government."

1949-ൽ തിരുവിതാംകൂറിലും സമാന്തരമായി കൊച്ചിയിലും കുറിച്ച ഒരു അടിസ്ഥാനമായിരുന്നു; കയർവ്യവസായം സഹകരണാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കണം എന്നത്. 1950–51-ലും ഇവിടെ ഗവൺമെൻറ്, ഒന്നാം പഞ്ചവൽസര പദ്ധതിക്കാലത്തും രണ്ടാം പഞ്ചവൽസര പദ്ധതിക്കാലത്തും സ്വീകരിക്കേണ്ട തന്ത്രങ്ങളെ സംബന്ധിച്ചും സമീപനങ്ങളെ സംബന്ധിച്ചും തീരുമാനിച്ചിരുന്നു, കയർവ്യവസായം എങ്ങനെ പുനഃസംഘടിപ്പിക്കണം എന്നെല്ലാമുള്ളതിനെപ്പറ്റി. അതിന്റെ അടിസ്ഥാനത്തിൽ പല പരിപാടികളും ആവിഷ്ക്കരിച്ചിരുന്നു. അങ്ങനെയുള്ള ഒരു നടപടി ക്രമാനുഗതമായി മുന്നോട്ടുപോയി. ഈ വ്യവസായത്തിലെ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണങ്ങളായിരുന്നതുകൊണ്ടും മധ്യവർത്തി ചൂഷണം വളരെ കടുപ്പമേറിയതായിരുന്നുവെന്നുള്ളതുകൊണ്ടും പുനഃസംഘടനാ പദ്ധതികൾ കാര്യക്ഷമമായി മുന്നോട്ടുപോയില്ല. എന്നു തന്നെയുമല്ല കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ ഈ രംഗത്ത് പദ്ധതികളാവിഷ്ക്കരിച്ചിരുന്നെങ്കിലും, അതു നടപ്പാക്കുന്നതിനു മുടക്കിയ മുതൽ, അതിനുള്ള മുതൽ മുടക്ക്, വളരെ കുറവായിരുന്നു. പ്രശ്നത്തിന്റെ ഒരു വക്കു കടിക്കുന്നതിനുപോലും പര്യാപ്തമായ മുതൽ മുടക്ക് ഈ രംഗത്ത് നടത്താൻ സംസ്ഥാനഗവൺമെൻറിനു കഴിഞ്ഞിരുന്നുമില്ല, കേന്ദ്രം കാര്യമായ സഹായം നല്കിയതുമില്ല. അതിന്റെ കണക്കുകൾ എന്റെ

LIBRARY ARCHIVES Kerala Legislative Assembly

കൈയിൽ ഉണ്ട്. തുലോം തുച്ഛമായ ഒരു മുതൽമുടക്കുമാത്രമാണ് ഈ രണ്ടു പദ്ധതിക്കാലത്തും ഉണ്ടായത്.

എന്നാൽ 1967-ൽ, അന്നധികാരത്തിൽ വന്ന ഗവൺമെൻറ് ഒരു കയർ പുനഃസംഘടനാപദ്ധതി ഇവിടെ ആവിഷ്കരിച്ചു നടപ്പാക്കാൻ ശ്രമിച്ചു. ആ പദ്ധതിയിലും അടിസ്ഥാനപരമായ സമീപനം ഇതുതന്നെയായിരുന്നു. എങ്കിലും ഈ വ്യവസായം പുനസ്സംഘടിപ്പിക്കുന്നതിനാവശ്യമായ കാര്യക്ഷമമായ ഒരു പദ്ധതി എന്ന നിലയ്ക്ക്, അത് പ്രാവർത്തികമാക്കാൻ ശ്രമിച്ചിരുന്നു. കയർ പുനസ്സംഘടനാ പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ 1967-ൽ, യശശ്ശരീരനായ സഖാവ് ടി. വി. തോമസ്സിന്റെ ആഭിമുഖ്യത്തിൽ അന്നത്തെ മന്ത്രിസഭ ആവിഷ്കരിച്ചു നടപ്പാക്കിയ പദ്ധതി, ഈ വ്യവസായത്തിന്റെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഈ വ്യവസായം പുനസ്സംഘടിപ്പിക്കുന്നതിനും കാര്യക്ഷമമായി ഏറെക്കുറെയെങ്കിലും നിയന്ത്രിക്കുന്നതിനും കഴിയുന്ന ഒരു പദ്ധതിയാണെന്നുള്ളതുപരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഈ സഭയിൽ ഇന്ന് അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരുമെല്ലാം ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ഈ പദ്ധതിയെ അംഗീകരിച്ചിട്ടുള്ളവരാണ്. ഈ പദ്ധതിയെപ്പറ്റി കേന്ദ്രഗവൺമെൻറും ധാരാളം പരിശോധനകൾ നടത്തി. പല കമ്മിഷനുകളെയും വച്ച് പരിശോധിപ്പിച്ചു; പഠനങ്ങൾ നടത്തി. അവിടെയും ആ പദ്ധതി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അവർക്ക് ചില ചില്ലറക്കാര്യങ്ങളെപ്പറ്റി അഭിപ്രായങ്ങളോ അഭിപ്രായവ്യത്യാസങ്ങളോ ഒക്കെയുണ്ടെങ്കിലും പിന്നീടു നടന്ന നിരവധി ചർച്ചകൾ വഴി ഈ പദ്ധതി പൊതുവിൽ അംഗീകരിക്കപ്പെട്ടിരുന്നു. നല്ല മുതൽമുടക്ക് ഇന്ന് ഈ രംഗത്തുണ്ടായിട്ടുണ്ട്; ഇനിയും ധാരാളം പണം ഈ രംഗത്തു മുടക്കേണ്ടതായുമുണ്ട്. സമയമില്ലാത്തതുകൊണ്ട് അതിന്റെ കണക്കൊന്നും ഞാൻ പറയുന്നില്ല. സർ, ഈ പദ്ധതി വിജയിക്കണമെന്നുണ്ടെങ്കിൽ, ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണമെന്നുണ്ടെങ്കിൽ, അതിന്റെ അടിസ്ഥാനപരമായ, പരമപ്രധാനമായ, ഒരു കാര്യം തൊണ്ടിന്റെ സംഭരണവും വിതരണവും ആണ്.

സർ, തൊണ്ടു സംഭരിച്ച് അതു മൂടി വിതരണം ചെയ്യുന്ന കാര്യത്തിൽ നേരത്തേയുണ്ടായിരുന്ന പോരായ്മകൾ—കുറവുകൾ, ക്രമക്കേടുകൾ—ഒഴിവാക്കുന്നതിന് ഈ പദ്ധതി പരമപ്രാധാന്യം നല്കിയിട്ടുണ്ട്. വളരെ നേരത്തെ മുതൽ അതാണ് അംഗീകരിച്ചിരുന്ന സമീപനവും. സർ, ഈ പുനസ്സംഘടനാ സ്കീമിൽ തൊണ്ടു സംഭരണത്തെ സംബന്ധിച്ചും പറയുന്നുണ്ട്. ആ പദ്ധതിയിൽ ഇങ്ങനെ പറയുന്നു.

"Accurate data regarding the quantity of husk retted and the actual number of persons engaged in retting of husk has not been collected yet, as the retting places are scattered in the vast area of the coastal region and very large number of persons is engaged in the trade of retted husk. The owners of the husks out of fear or prejudice refuse to furnish the correct information."

ഇത് 1968-ലേതാണ്. ഇതിനെപ്പറ്റിത്തന്നെ നമ്മുടെ ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് 1975-76-ൽ പറയുന്നത് ഇതാണ്.

"It may be well to point out that the large retters who from about 10 per cent among the retters rett nearly 74 per cent of the husk. They have the actual monopoly of retting of the husks in the State.

LIBRARY ARCHIVES Kerala Legislative Assembly

The large scale retters do not directly utilize the husk retted by them. They are in fact the commercial retters with monopoly in retting business. Chirayinkil, Karunagappally and Karthikappally Taluks are the centres where monopoly retting is concentrated. The retters have a net work of husk collectors and earn huge profits by selling the retted husks to spinner at high prices. Consequently the spinners in the house hold sector are at the mercy of these people for the retted husk."

സർ, ഇടത്തട്ടുകാർ, ഈ വ്യവസായത്തിലെ വൻകിട മൂടലുകാർ—മുതലാളിമാർ—പത്തുശതമാനം വരുന്ന അവരാണ് ഈ വ്യവസായത്തിലെ എഴുപത്തഞ്ച് ശതമാനത്തോളം നിയന്ത്രിക്കുന്നത് എന്നുള്ളതാണ് വസ്തുത. അവരുടെ ദയാദാക്ഷിണ്യങ്ങൾക്ക് വിധേയരായിട്ടാണ് കയർപിരി മേഖലയിൽപെടുന്ന ബഹുഭൂരിപക്ഷം ആളുകളും കഴിഞ്ഞുകൂടേണ്ടിവരുന്നത് എന്നുള്ള സ്ഥിതിയുണ്ട്. സർ, അതിന് 67-ലെ പദ്ധതിയും പരിഹാരമായി നിർദ്ദേശിച്ചിട്ടുള്ളത് തൊണ്ടിന്റെ ശരിയായ വിതരണമാണ്. 67-ലെ പദ്ധതിയിലും ഈ മൂടലുകാരെപ്പറ്റി പറയുന്നുണ്ട്. അതും സംഗതമായിട്ടുള്ളതാണ്.

"These retters of husk decide the price arbitrarily. It is a sellers' market pure and simple. If these retters choose not to sell retted husk, the market is in short supply with the result that the price of husk goes up and the spinners have no escape. This often depletes the margin between the price of retted husk and the price of coir yarn. The worker who is engaged in extracting fibre and spinning the yarn has to be contented with depleted margin. Whenever the husk price rises, the spinner of coir yarn is hommed in between the retters and the yarn dealers who purchase yarn from the spinners. If by any chance the price of yarn rises, the retters immediately increase the price of retted husk thereby the entire advantage of the increased price of yarn goes to the retter of husk and not to the spinner of yarn. The poor workers, mostly women, do not even know what the current price of yarn is".

സർ, ഇതാണ് സ്ഥിതി. അതുകൊണ്ട് തൊണ്ടിന്റെ വില നിയന്ത്രിക്കണം. തൊണ്ടുസംഭരണം കാര്യക്ഷമമായി നടത്തണം, തൊണ്ട് ഈ വ്യവസായത്തിന്റെ നടത്തിപ്പിനായിട്ട് കാര്യക്ഷമമായി വിതരണം ചെയ്തുകിട്ടണം. അതിന് ചില പദ്ധതികളും ആവിഷ്ക്കരിച്ചിരുന്നു. ഈ കയർ പുനഃസംഘടനാ പദ്ധതിയുടെ മൂലശിലകളിലൊന്ന് ആ നടപടിയാണ് സർ, ഇൻഡ്യാ ഗവൺമെന്റ് തത്വത്തിൽ ഇത് അംഗീകരിക്കുകയും എസെൻഷ്യൽ കമ്മോഡിറ്റീസ് ആക്ട്റ്റിന്റെ പരിധിയിൽപ്പെടുത്തി തൊണ്ടു നിയന്ത്രണത്തിനുള്ള അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്. എസെൻഷ്യൽ കമോഡിറ്റീസ് ആക്ട്റ്റിന്റെ പരിധിയിൽപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും വളരെ കാര്യക്ഷമമായി നടത്താൻ ബുദ്ധിമുട്ടുണ്ടായിരുന്നു. ഇതേ സംബന്ധിച്ചും തൊണ്ടിന്റെ ലഭ്യതയെ സംബന്ധിച്ചും, അതിന്റെ വിതരണത്തെ സംബന്ധിച്ചും, ഒക്കെയുള്ള പോരായ്മകളും കുഴപ്പങ്ങളും ഈ രംഗത്ത് വളരെ ശബ്ദകോലാഹലങ്ങളുണ്ടാക്കിയിട്ടുണ്ട്. തൊഴിലാളി സംഘടനകളും വ്യാപകമായി പ്രക്ഷോഭണങ്ങളും നടത്തി. യാതൊരു ഭേദബുദ്ധിയുമില്ലാതെ എല്ലാ സംഘടനകളും ഒരുമിച്ചു പ്രക്ഷോഭണങ്ങളും നടത്തി.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റും കാര്യക്ഷമമായ നടപടികളും നടത്തിയിട്ടുണ്ടെന്നുള്ള കാര്യത്തിൽ എനിക്ക് സംശയമൊന്നുമില്ല. എന്നാലും പൂർണ്ണമായി വിജയിച്ചിട്ടില്ല. ചില പോരായ്മകളുണ്ടായിട്ടുണ്ട്. അടുത്ത കാലത്ത് കഴിഞ്ഞ ഒന്നുരണ്ടു വർഷക്കാലമായി ചില പ്രത്യേക നടപടികളും സ്വീകരിച്ചിരുന്നു. എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. പി. എസ്. ശ്രീനിവാസൻ ഈ ഡിപ്പാർട്ടുമെന്റിന്റെ ചുമതല ഏറ്റെടുത്തതിനുശേഷം ചില പ്രത്യേകമായ നടപടികളും, കൂടുതൽ കാര്യക്ഷമമാക്കാൻവേണ്ടി, നടത്തിയിരുന്നു. ഇതിനിടയിലാണ് ശിവരാമൻ കമ്മീഷൻ എന്നു പറയുന്ന ഒരു കമ്മീഷനെ നിയമിച്ചതും അവർ റിപ്പോർട്ട് നൽകിയതും. സർ, ഈ പദ്ധതിയെപ്പറ്റി ആ കമ്മീഷനും ചില അഭിപ്രായങ്ങളുണ്ട്. യന്ത്രവത്ക്കരണം ഈ രംഗത്ത് പാടില്ലെന്ന് ആ കമ്മീഷൻ പറഞ്ഞു. സ്വാഗതാർഹമായ ഒരു കാര്യമാണ്. എന്നാൽ തൊണ്ടുസംഭരണത്തെ സംബന്ധിച്ചും തൊണ്ടുവിതരണത്തെ സംബന്ധിച്ചും ചില 'സബ്സിഡൈസ്ഡ്' പദ്ധതികളും എന്ന നിലയ്ക്ക്—സഹകരണസംഘങ്ങൾക്ക് സബ്സിഡി അടിസ്ഥാനത്തിൽ ഇത്ര ശതമാനം പലിശ കുറച്ചു വാങ്ങിച്ചു കൊടുത്തു നോക്കണം, സ്വകാര്യ വ്യക്തികളെ അനുവദിക്കണം, അങ്ങനെ സബ്സിഡൈസ്ഡ് എന്ന നിലയ്ക്ക് ഇത് നടത്തണം, അതു നടക്കുന്നില്ലെങ്കിൽ തൊണ്ടുസംഭരണം പഴയതുപോലെയാക്കണം, എന്നാണ് ആ കമ്മീഷൻ പറയുന്നത്. സർ, അത് ഞാൻ നേരത്തെ പറഞ്ഞ മൂടലുകാരുടെ, മുതലാളിമാരുടെ ദയാദാക്ഷിണ്യത്തിന്—ഒരു ഇടത്തട്ടുചൂഷണത്തിന്—വീണ്ടും ഈ വ്യവസായത്തെ പുറകോട്ട് കൊണ്ടുപോവുകയാണ്. അത് പാടില്ല എന്നുള്ളതാണ് സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിരുന്ന നിലപാട്. അതുകൊണ്ട് തൊണ്ട് എസെൻഷ്യൽ ആർട്ടിക്കിൾസ് ആക്ടിന്റെ അടിസ്ഥാനത്തിൽ പെടുത്തണമെന്നും അതിന്റെ സംഭരണ വിതരണ നടപടികളും കൂടുതൽ കാര്യക്ഷമമാക്കണമെന്നും സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോടാവശ്യപ്പെട്ടിരുന്നു. ഒരു കമ്മിറ്റി പിന്നീട് അത് അംഗീകരിച്ചുവെന്നുമാണ് ഞാൻ മനസിലാക്കിയത്. കഴിഞ്ഞ 22-ാം തീയതി ഡൽഹിയിൽ ചേർന്ന സമ്മേളനം, ഈ മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്തശേഷം ചേർന്ന സമ്മേളനം, എന്നെക്കുറെ ഈ തീരുമാനം അംഗീകരിക്കും എന്നുള്ളതായിരുന്നു സ്ഥിതി. സർ, ഈ രാജ്യത്തെ പട്ടിണിപ്പാവങ്ങളായ പത്തുലക്ഷത്തോളം കുടുംബങ്ങളെ തീറ്റിപ്പോറ്റുന്ന ഈ വ്യവസായത്തെ പുനഃസംഘടിപ്പിക്കുന്നതിന് മുൻഗവൺമെന്റുകളും കഴിഞ്ഞ പന്ത്രണ്ടുവർഷക്കാലമായി നടത്തിവന്നിരുന്ന നടപടികളെയെല്ലാം പരാജയപ്പെടുത്തുന്ന, വീണ്ടും പഴയ ഇടത്തട്ടുചൂഷണത്തിലേയ്ക്ക് ഈ വ്യവസായത്തെ കൊണ്ടുപോകുന്ന, ഈ വ്യവസായത്തിലെ കൊള്ളലാഭക്കാരായ മൂടൽമുതലാളിമാരുടെ ദയാദാക്ഷിണ്യത്തിന് പട്ടിണിപ്പാവങ്ങളെ വിധേയരാക്കുന്നതിനുവേണ്ടിയുള്ള, ഒരു നയം ഈ ഗവൺമെന്റ് അംഗീകരിച്ചിരിക്കുന്നു എന്ന ആരോപണം ഞാനുന്നയിക്കുകയാണ്. അവസാനമായി ഈ നിയമസഭയിൽ 'കയറിൽ' ആണ് സർ, ഈ ഗവൺമെന്റിനെ ഞാൻ കാണുന്നത്. കയറിൽ. ഈ കയറിൽ തൊട്ടാൽ.....! ഞാൻ മുന്നറിയിപ്പ് നൽകുന്നു, ഈ ഗവൺമെന്റ് പത്തു ദിവസം ഈ രാജ്യത്ത് അധികാരത്തിൽ ഇരിക്കുകയില്ല. ഡൽഹി കോൺഫറൻസിനോടനുബന്ധിച്ച് നിങ്ങൾ ഇവിടെ ഉള്ള ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുത്തിരിക്കുകയാണ് ഇതിനേപ്പറ്റി തീരുമാനം എടുക്കാൻ. അതാണ് ഞാൻ നേരത്തെ വായിച്ചത്. എസെൻഷ്യൽ ആർട്ടിക്കിൾസ് ആക്ടിന്റെ അടിസ്ഥാനത്തിൽ ഈ സംഭരണ പദ്ധതി.....

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: ഇങ്ങനെയുള്ള അടിസ്ഥാനമില്ലാത്ത കാര്യങ്ങളും ശ്രീ. ഉണ്ണിയെപ്പോലുള്ള ആളുകളും പറയുന്നത് ശരിയല്ല.

ശ്രീ. ആർ. എസ്. ഉണ്ണി: മനോരമയാണ് പറഞ്ഞത്. അത് അടിസ്ഥാനമില്ലാത്ത പത്രമാണോ? വേറെ ആരു പറഞ്ഞാലും വിശ്വസിക്കുകയില്ല. അടിസ്ഥാനമില്ലെങ്കിൽ വളരെ നല്ലത്. കഴിഞ്ഞ 12 വർഷക്കാലമായി ഈ രാജ്യത്തെ സകല കക്ഷികളും അംഗീകരിച്ച, കേന്ദ്ര ഗവൺമെൻറ് പോലും അംഗീകരിച്ച് നടപ്പിൽ വരുത്തിയ ഈ പദ്ധതിയെ പരാജയപ്പെടുത്താൻ, വീണ്ടും സ്വകാര്യമുതലാളിമാരുടെ ദയാദാക്ഷിണ്യത്തിന് ഈ വ്യവസായത്തേയും അതിലെ തൊഴിലാളികളേയും പണയപ്പെടുത്താനാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ അത് വളരെ മോശമായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. അതിന്റെ ആപത്ത് വളരെ ഭയങ്കരമായിരിക്കും ഇതൊരു മുന്നറിയിപ്പാണ്. ഈ വ്യവസായം പുനഃസംഘടിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുമായി മുമ്പോട്ടു പോകണം. ഇന്ന് ഗവൺമെൻറ് അംഗീകരിച്ചിട്ടുള്ള നടപടികളിൽ നിന്നും പിന്തിരിയണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ഉണ്ണി സംസാരിച്ച് അവസാനിപ്പിക്കുന്നതിനുമുമ്പുതന്നെ അടിസ്ഥാനരഹിതമായ ആരോപണം ആണ് കൊണ്ടുവന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ധൃതി പിടിച്ച് എഴുന്നേറ്റ് പറഞ്ഞു. അടിസ്ഥാനരഹിതമായ ആരോപണമാണെന്ന് അവസാനം പറയാനുള്ള കാര്യം എന്താണെന്ന് ഇപ്പോഴും മനസ്സിലായി. ചില കേന്ദ്രങ്ങളിൽനിന്നും കയർ വ്യവസായവുമായി ബന്ധപ്പെട്ട ചെറുകിടക്കാരേയും തൊഴിലാളികളെയും ആശങ്കാകുലർ ആക്കത്തക്ക വിധത്തിലുള്ള റിപ്പോർട്ടുകളും വന്നിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു ചർച്ച പ്രധാനമായും അവതരിപ്പിക്കാൻ ഇടയായത്. എനിക്കും ശ്രീ. ഉണ്ണി പ്രകടിപ്പിച്ച ആശങ്കതന്നെയാണ് വളരെ ശക്തമായി പ്രകടിപ്പിക്കാനുള്ളത്. 23-ാം തീയതിയിലും 21-ാം തീയതിയിലും മനോരമ പത്രത്തിൽ ഇതിനെപ്പറ്റി റിപ്പോർട്ടുകളും ഉണ്ടായിരുന്നു. ''ശ്രീലങ്കയിൽനിന്നും ചകിരി ഇറക്കുമതി ചെയ്യാൻ താൽപ്പര്യം ഉണ്ടോയെന്ന്'' വൻകിട വ്യവസായികളോട് അധികൃതർ എഴുതി ചോദിച്ചുകഴിഞ്ഞിരിക്കുന്നു. ഇവിടെ ചകിരിക്ക് 330 രൂപയാണ് വില. സിലോണിൽനിന്ന് അത് 250 രൂപയ്ക്ക് ഇവിടെ കിട്ടും. അത് നിങ്ങൾ ഇറക്കുമതി ചെയ്യാൻ തയ്യാറാണോ എന്നു വൻകിട വ്യവസായികളോട് എഴുതി ചോദിച്ചെന്നാണ് മനോരമയുടെ കോഴിക്കോട് വാർത്തയിൽ വന്നിട്ടുള്ളത്. ഈ ഗവൺമെൻറ് അത് സമ്മതിച്ചിരിക്കുന്നു.

സർ, തൊണ്ടുവിലയെ സംബന്ധിച്ച ആദ്യറിപ്പോർട്ടുകളും പറയുന്നത് തൊണ്ടുവില നിയന്ത്രണത്തിൽ തൽക്കാലം മാറ്റമില്ലെന്നാണ്. അതായത് ശ്രീ. ആർ. എസ്. ഉണ്ണി വായിച്ച റിപ്പോർട്ട്. മനോരമയിലെ 23-ാം തീയതിയിലെ തലക്കെട്ടാണ് പറയുന്നത്. അത് കൊടുക്കുന്നത് ഞങ്ങളാരുമല്ല. അടിവരയിട്ട് ചേർക്കേണ്ട കാര്യമാണ്. വളരെ കാലമായി കയർ വ്യവസായവുമായി ബന്ധപ്പെട്ട മേഖലയിൽ പണിയെടുക്കുന്ന സകല യൂണിയനുകളും പ്രസ്ഥാനങ്ങളും ആവശ്യപ്പെട്ടുപോന്നിട്ടുള്ളതും നിയമസഭയിൽ ഏകകണ്ഠമായി പാസ്സാക്കിയിട്ടുള്ളതുമായ ആ പദ്ധതി വേണ്ടതുപോലെ നടപ്പിലാക്കുന്നില്ലെന്നുള്ള അഭിപ്രായമാണ് ഇവിടെ ഉണ്ടായിരുന്നത്. ആ പദ്ധതിയെത്തന്നെ തകർക്കുന്നതിനുള്ള നീക്കങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിച്ചുകഴിഞ്ഞു. ഈ ആശങ്ക അടിസ്ഥാനരഹിതം എന്ന് പറഞ്ഞതുകൊണ്ട് കാര്യമായില്ല. മനോരമയിൽ രണ്ട് പ്രധാനപ്പെട്ട വാർത്തകളാണ് വന്നിട്ടുള്ളത്. ഈ രണ്ട് വാർത്തകളും നമ്മുടെ ചകിരി വ്യവസായവുമായി ബന്ധപ്പെട്ട, കയർ വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലാളികളുടെ ജീവിതത്തെ, നമ്മുടെ സാമ്പത്തിക സ്ഥിതിയെത്തന്നെ ആകെ തകർക്കുന്ന കാര്യങ്ങളാണ്. അതിന് ഗവൺമെൻറ് അരു നിൽക്കുന്നു. ഈ ഗവൺമെൻറിൻെറ നടപടികളും ആ വഴിക്ക് നീങ്ങുന്നു എന്ന് മനോരമയെപ്പോലുള്ള പത്രങ്ങളിൽ വരുന്ന റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ആശങ്ക പ്രകടിപ്പിച്ചാൽ അടിസ്ഥാനരഹിതം എന്ന് രാഷ്ട്രീയമായി മറുപടി പറയാൻ ശ്രമിച്ചതുകൊണ്ട് കാര്യമായില്ല. മുമ്പ് കശുവണ്ടി വ്യവസായത്തെക്കുറിച്ചുള്ള ചർച്ചക്കിടയിൽ ഇവിടെ ആ രംഗത്തെ കുത്തകക്കാർ ഗവൺമെൻറിനെ സ്വാധീനിച്ചുകൊണ്ട് അവർക്ക് അനുകൂലമായി തൊഴിലാളികളും മറ്റും സമരം ചെയ്ത നേടിയ നേട്ടങ്ങളും തകർക്കാൻ ശ്രമിക്കുന്നു എന്ന് പറയുകയുണ്ടായി. ഇവിടെ വീണ്ടും കയർ വ്യവസായരംഗത്തും ഇതുപോലുള്ള പ്രവണതകളും തല ഉയർന്നുവരികയാണ്. അതിൻമേൽ പരാതിപ്പെടുന്നതുകൊണ്ട് കാര്യമില്ല. അങ്ങനെയുള്ള ഗവൺമെൻറാണ് ഇവിടെയുള്ളത്. ഇത്തരത്തിലുള്ള കാര്യങ്ങളിലേക്കാണ് നിങ്ങളും നീങ്ങുന്നതെങ്കിൽ, ഞങ്ങൾക്ക് മൂരിപക്ഷം ഉണ്ട്. ഞങ്ങളും നിലനിൽക്കുമെന്നുള്ള രീതിയിലുള്ള കാര്യങ്ങളും പറഞ്ഞുകൊണ്ട് ഈ പദ്ധതികളും ഈ വിധത്തിലാണ് നടപ്പിലാക്കാൻ പോകുന്നതെങ്കിൽ അതിന് തൊഴിലാളിവർഗ്ഗം സമ്മതിക്കുകയില്ലെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. അതിനെതിരായ ശക്തമായ പോരാട്ടത്തെ ഈ മന്ത്രിസഭ അഭിമുഖീകരിക്കേണ്ടിവരുമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ വേണ്ടത് ഈ നിയമസഭ പാസ്സാക്കിയതും ഇവിടെയുള്ള സകല വിഭാഗങ്ങളിൽപ്പെട്ട ആളുകളും ഏകകണ്ഠമായി അംഗീകരിച്ചതും ആയ പദ്ധതികളുമായി മുമ്പോട്ടുപോകുമെന്നുള്ള അസന്നിഗ്ദ്ധമായ പ്രഖ്യാപനമാണ്. അതിൻെറ അടിസ്ഥാനത്തിലുള്ള പ്രവർത്തനമാണ് ഇവിടെ വേണ്ടത്. അതുകൊണ്ടാണ് ഞാൻ ശ്രീ. ഉണ്ണിയുടെ വാദത്തെ അനുകൂലിക്കുന്നത്.

ശ്രീ. ടി. എ. മജീദ്: സർ, കേരളത്തിലെ ലക്ഷക്കണക്കിന് കയർ തൊഴിലാളികളെ രക്ഷിക്കാൻവേണ്ടിയുള്ള പദ്ധതികളും നമ്മുടെ നിയമസഭയും ഗവൺമെൻറും ആവിഷ്ക്കരിച്ച് കഴിഞ്ഞിരിക്കുകയാണ്. കഴിഞ്ഞ പത്തുപന്ത്രണ്ട് വർഷക്കാലമായി അതിന് ഉപോൽബലകമായ ഒട്ടേറെ നടപടികളും നാം സ്വീകരിച്ചിട്ടുണ്ട്. പക്ഷെ ഇതെല്ലാം ആയിട്ടും നമ്മുടെ തൊഴിലാളികൾക്ക് ആശ്വാസം ലഭിച്ചിട്ടില്ലെന്നുള്ളതാണ് വസ്തുത. അതിൻെറ അടിസ്ഥാനകാര്യങ്ങളായ തൊണ്ട് സംഭരണത്തിലും വിതരണത്തിലും കർശനമായ നിയന്ത്രണം വേണമെന്നുള്ളത് ആർക്കും നിഷേധിക്കാൻ സാധിക്കുകയില്ല. കയറിന് ഇപ്പോഴത്തെ വില വളരെ കൂടുതലാണ്. അതിന് വില കൂടിയിട്ടുണ്ടെങ്കിലും അതിൻെറ ഗുണം തൊഴിലാളികൾക്ക് ലഭിക്കുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. എപ്പോഴെല്ലാം കയറിൻെറ വില കൂടുന്നോ അപ്പോഴെല്ലാം തൊണ്ട് പൂഴ്ത്തിവയ്ക്കുന്ന മുതലാളിമാർക്കാണ് ഗുണം ഉണ്ടാകുന്നത്. ആ പ്രതിഭാസമാണ് നാം ദീർഘകാലമായി കണ്ടുകൊണ്ടിരിക്കുന്നത്. തൊണ്ടുനിയന്ത്രണം കൊണ്ടുവരികയും സംഭരണം തൃപ്തികരമായി നടപ്പിലാക്കുകയും ചെയ്താലല്ലാതെ അതിന് പരിഹാരം ഉണ്ടാക്കാൻ സാധിക്കുകയില്ലെന്നുള്ളതാണ് ഗവൺമെൻറും നിയമസഭയും തീരുമാനിച്ചത്. അതിൻെറ അടിസ്ഥാനത്തിലാണ് ചില നടപടികളും നാം സ്വീകരിച്ചത്. പക്ഷെ കേന്ദ്രത്തിലിരിക്കുന്നവർക്ക് ഇനിയും അത് മനസ്സിലായിട്ടില്ലെന്നുള്ളതാണ് അവരുടെ നടപടികൾകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കാണാൻ സാധിച്ചിട്ടുള്ളത്. ഈ നിയന്ത്രണത്തെ പൊളിക്കാൻ അവർ ശ്രമിക്കുന്നുണ്ട്. ഈ ഗവൺമെൻറ് ഒരിക്കലും അതിന് കൂട്ടുനിൽക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. സൊസൈറ്റികൾ മുഖേനയാണ് തൊണ്ടുസംഭരണവും വിതരണവും നടത്തേണ്ടത്. 100 സൊസൈറ്റികൾ പുതുതായി രൂപീകരിക്കാൻ നമ്മുടെ ബഡ്ജറ്റിൽതന്നെ വകകൊള്ളിച്ചിട്ടുണ്ട്. സൊസൈറ്റികളുടെ അദ്ധ്വാനത്തിൻറെ ഫലമായി കുറെയേറെ തൊണ്ടുകൾ ശേഖരിക്കാൻ കഴിഞ്ഞവർഷം കഴിഞ്ഞിട്ടുണ്ട്. പക്ഷെ ഇപ്പോഴും ആ സംഭരണ-വിതരണ രംഗം വിജയിപ്പിക്കാനുള്ള നടപടികളല്ല ചില ഭാഗങ്ങളിൽനിന്നും ഉണ്ടായിട്ടുള്ളതെന്നുള്ളത് വളരെ ഖേദകരമായ കാര്യമാണ്. ഇവിടെ ഉദ്യോഗസ്ഥൻമാരുടെ കാര്യം പറഞ്ഞപ്പോൾ അദ്ദേഹം നിഷേധിച്ച ഒരു കാര്യമുണ്ട്. രണ്ടുമൂന്നു നടപടികൾ കേന്ദ്രത്തിൻറെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാമെന്നാണ് എൻറെ വിശ്വാസം. ഈ കാര്യത്തിൽ മാത്രമല്ല, മറ്റ് പല കാര്യങ്ങളിലും ഇതാണ് അനുഭവം. ഇവിടെ തൊണ്ടില്ലാത്തതുകൊണ്ടല്ല. ഇവിടെ ഉള്ളതിൻറെ പകുതി തൊണ്ട് നല്ലതുപോലെ സംഭരിച്ചാൽ നമ്മുടെ കയർ തൊഴിലാളികൾക്ക് ആവശ്യമായ തൊണ്ട് ലഭിക്കും. ശേഖരിക്കുന്നതിലുള്ള തകരാറാണ്. കുറഞ്ഞ ചെലവിൽ ഇതെല്ലാം സിലോണിൽനിന്നും ഇറക്കാനുള്ള പരിപാടി ഇട്ടിരിക്കുന്നു എന്നാണ് അറിയുന്നത്.

ശ്രീ. വി. ജെ. ജോസഫ്: ഈ ചകിരി ആവശ്യത്തിന് ഉണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ സമ്മതിക്കുന്നു. പക്ഷെ അതിൻറെ സംഭരണത്തിലുള്ള തകരാറാണെന്നു പറഞ്ഞു. തൊണ്ട് മൂവ് ചെയ്യുന്നതിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണം അല്ലേ ഈ പ്രശ്നം ഉണ്ടാക്കിയിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. ടി. എ. മജീദ്: തെറ്റായ ധാരണവച്ചുകൊണ്ട് ചിന്തിക്കുന്ന കുറച്ചുപേരുണ്ട്. അതാണ് കുഴപ്പം. ഇതൊരു വക്കാലത്ത് ആണ്. മനോരമ പത്രത്തിൽ പറഞ്ഞിട്ടുള്ളത് ശരിയാണോയെന്ന് എനിക്കറിയില്ല. ചകിരി ഇറക്കുമതിചെയ്യുന്നതിന് ഗവൺമെൻറ് സമ്മതിച്ചിട്ടുണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്. മനോരമ പത്രം ഈ ഗവൺമെൻറിൻറെ പാദം മുതൽ ശിരസ്സുവരെ പിന്തുണ നൽകുന്ന ഒരു പത്രമാണെന്നുള്ളകാര്യം നിഷേധിക്കുവാൻ സാദ്ധ്യമല്ല.

2 p.m.]

ഇതുസംബന്ധിച്ച കമ്മിറ്റിയുടെ അധിപനായ ശ്രീനിവാസൻ രണ്ടുതവണ കേരളത്തിൽ വന്നിരുന്നു. അപ്പോഴും ഈ കാര്യത്തെക്കുറിച്ച് അദ്ദേഹവുമായി ആലോചിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ എന്തുകൊണ്ട് ആലോചിച്ചില്ല. പ്രഖ്യാപിത നയമാണ് നമുക്കുള്ളത്. ആ പ്രഖ്യാപിത നയത്തിൽ മുറുകെപ്പിടിച്ചുനിൽക്കുന്ന ഈ ഗവൺമെൻറ് എന്തുകൊണ്ട് ഈ കാര്യത്തിൽ കാലതാമസം വരുത്തുന്നുവെന്നുള്ളകാര്യം മനസ്സിലാകുന്നില്ല. പത്രത്തിൽ വന്നകാര്യത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. അത് നിഷേധിക്കുവാൻ സാധിക്കുമെങ്കിൽ നിഷേധിക്കണം. ഒരു പദ്ധതിയില്ലാതെ തൊഴിലാളികളെ രക്ഷിക്കുവാൻ കഴിയുകയില്ലെന്നു ബോദ്ധ്യമായതുകൊണ്ടാണ് ഇതിന് നാം തയ്യാറായത്. ആ പദ്ധതിയെ പരാജയപ്പെടുത്തുവാൻ കേന്ദ്രഗവൺമെൻറ് അല്ല മറ്റാര് വിചാരിച്ചാലും അത് അനുവദിച്ചുകൊടുത്തുകൂടാ. ആ നിലയ്ക്ക് ആണ് ഞാൻ ഈ ചർച്ചയിൽ ഉന്നയിച്ച വാദത്തെ ശക്തിയായി പിന്താങ്ങുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ): സർ, കയർവികസന പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുള്ള നടപടിക്രമത്തിൽനിന്നും എന്തെങ്കിലും മാറ്റം വരുത്തണമെന്ന് ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല. മുൻഗവൺമെൻറ് സ്വീകരിച്ചിരുന്നതായ അതേ നടപടിക്രമംതന്നെ ആണ് ഈ ഗവൺമെൻറും തുടർന്നുവരുന്നത്. തൊണ്ട് സംഭരണം സംബന്ധിച്ച് മുൻഗവൺമെൻറിൻെറ ഉത്തരവുകളൊന്നും ഈ ഗവൺമെൻറ് റദ്ദാക്കുവാൻ വേണ്ട നടപടികളും സ്വീകരിച്ചിട്ടില്ല. ഈ കാര്യത്തെക്കുറിച്ച് എന്തെങ്കിലും പത്രവാർത്തകളും വന്നിട്ടുണ്ടെങ്കിൽ അത് അടിസ്ഥാനരഹിതമാണെന്ന് പറയുവാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. കെ. കെ. കുമാരപിള്ള: ശ്രീലങ്കയിൽനിന്നും ചകിരി ഇറക്കുമതി ചെയ്യാൻ അനുവാദംകിട്ടിയിട്ടുള്ള വാർത്ത ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിനെക്കുറിച്ച് കേന്ദ്രഗവൺമെൻറുമായി ബന്ധപ്പെട്ട് അത് തടയുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: ശ്രീലങ്കയിൽനിന്നും ചകിരി ഇറക്കുമതിചെയ്യുന്നുണ്ട് എന്നുള്ള പത്രവാർത്ത കണ്ടയുടനേ ഈ ഗവൺമെൻറ് അതിശക്തിയായ പ്രതിഷേധം കേന്ദ്രഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടെന്നുള്ള യാഥാർത്ഥ്യം ഞാൻ ഈ സഭയെ അറിയിക്കുകയാണ്. കയർത്തൊഴിലാളികളുടെ ഉത്തമതാല്പര്യങ്ങളെ ഹനിക്കുന്ന രീതിയിലുള്ള എന്തെങ്കിലും നടപടി ഈ ഗവൺമെൻറ് സ്വീകരിക്കുമെന്ന് ആരുംതന്നെ വിചാരിക്കേണ്ടതില്ല. പിന്നെ ഇതിലെന്തെങ്കിലും തകരാറുണ്ടായിട്ടുണ്ടെങ്കിൽ അതിന് ഉത്തരം പറയേണ്ടത് ഞാൻ അല്ല ഇതിനുമുമ്പ് ഉണ്ടായിരുന്ന മന്ത്രിമാരായ ശ്രീ. പി. കെ. വാസുദേവൻ നായരും ശ്രീ. പി. എസ്. ശ്രീനിവാസനുമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. പി. കെ. വാസുദേവൻ നായർ): മുമ്പൊന്നും ഉണ്ടായിട്ടില്ല. അതുകൊണ്ട് മറുപടി പറയേണ്ട ആവശ്യവുമില്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ശിവരാമൻ കമ്മിറ്റി നമുക്ക് അനുഗുണമായ രീതിയിൽ തീരുമാനമെടുത്തപ്പോൾ എന്തുകൊണ്ടാണ് തീരുമാനമൊന്നും എടുക്കേണ്ടായെന്നറിയിച്ചത്?

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: അതിനെക്കുറിച്ചാണ് ഞാൻ പറയാൻ പോകുന്നത്. ശിവരാമൻ കമ്മിറ്റി റിപ്പോർട്ട് ഇപ്പോൾ കേന്ദ്രഗവൺമെൻറിൻെറ പരിഗണനയിലിരിക്കുകയാണ്. തൊണ്ടുവിലനിയന്ത്രണത്തിനെതിരേയുള്ള നിർദ്ദേശങ്ങളോട് കേരള ഗവൺമെൻറ് അതിശക്തിയായ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. ആ നിർദ്ദേശങ്ങൾ പുനഃപരിശോധിക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെൻറ് ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റിയിൽ സംസ്ഥാനഗവൺമെൻറിൻെറ പ്രതിനിധികളായി വ്യവസായ സ്പെഷ്യൽ കമ്മിഷണർ, നിയമവകുപ്പ് സെക്രട്ടറി, കയർവ്യവസായ ഡയറക്ടർ എന്നിവരാണുള്ളത്. കമ്മിറ്റിയുടെ ചെയർമാൻ കേന്ദ്ര വ്യവസായവകുപ്പ് ജോയിൻറ് സെക്രട്ടറി ശ്രീ. ആർ. ശ്രീനിവാസനാണ്. മറ്റ് അംഗങ്ങൾ കയർബോർഡ് ചെയർമാൻ, പ്ലാനിംഗ് കമ്മീഷൻ ജോയിൻറ് സെക്രട്ടറി എന്നിവരാണ്. ഈ കമ്മിറ്റി അടുത്തുതന്നെ റിപ്പോർട്ട് സമർപ്പിക്കുമെന്നാണറിയുന്നത്. നമുക്കെതിരായി എന്തെങ്കിലും തീരുമാനം ആ റിപ്പോർട്ടിലുണ്ടാകുമെങ്കിൽ അതിനെതിരായി ശക്തിയായ

LIBRARY ARCHIVES Kerala Legislative Assembly

എതിർപ്പ് ഈ ഗവൺമെൻറ് പ്രകടിപ്പിക്കുകയും കഴിവിൻെറ പരമാവധി പരിശ്രമിക്കുകയും ചെയ്യുന്നതാണ്. നമ്മുടെ കയർത്തൊഴിലാളികളുടെ സംരക്ഷണത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ഈ ഗവൺമെൻറ് മുൻതൂക്കം കൊടുക്കുന്നതായിരിക്കും.

കയർ സഹകരണസ്ഥാപനങ്ങളും സഹകരണമേഖലയിൽ സംഘടിപ്പിക്കേണ്ടതിൻെറ ആവശ്യകതയെക്കുറിച്ചും ഇവിടെ പലരും പറഞ്ഞുകേട്ടു. പ്രൈമറി കയർവ്യവസായ സഹകരണസംഘങ്ങളും കൂടുതൽ ലാഭകരമായി നടത്തുവാനും ഈ സഹകരണസംഘങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും സാമ്പത്തികസഹായം നൽകുവാനും ആയി അപ്പക്സ് കയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രജിസ്റ്റർചെയ്തിട്ടുണ്ടെന്നുള്ളകാര്യവും ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്. തെറ്റായ എന്തെങ്കിലും പത്രവാർത്തയുടെ പേരിൽ കുറച്ചുദിവസമായി അധികാരത്തിൽവന്ന ഈ ഗവൺമെൻറിനെ കുറ്റപ്പെടുത്തുന്നത് ഖേദകരമാണ്. എല്ലാവരും അതിൽനിന്നും പിൻമാറണം എന്ന അഭ്യർത്ഥനയാണ് എനിക്കുള്ളത്.

ശ്രീ. ആർ. എസ്. ഉണ്ണി: 22-ാം തീയതി ഡൽഹിയിൽ ചേർന്ന സമ്മേളനത്തിൽ പങ്കെടുക്കുവാൻ പോകുന്ന കേരള ഗവൺമെൻറിൻെറ പ്രതിനിധികൾക്ക് സംസ്ഥാന ഗവൺമെൻറ് കൊടുത്തിരുന്ന നിർദ്ദേശം എന്തായിരുന്നു?

മന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ): എതിർക്കുവാൻതന്നെയാണ് നിർദ്ദേശം കൊടുത്തിട്ടുള്ളത്.

മി. ചെയർമാൻ: ഓർഡർ, ഓർഡർ. സഭ ഇപ്പോൾ അനിശ്ചിതകാലത്തേക്ക് പിരിയുന്നതാണ്.

സഭ ഉച്ചയ്ക്ക് 2.07-ന് അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No. 6353/LA. 1/79. Dated, Trivandrum, November 12, 1979/ Karthika 21, 1901.

In exercise of the powers conferred by sub-clause (a) of clause 2 of Article 174 of the Constitution of India, as amended, the Governor of the State of Kerala hereby prorogues the Sixth Session of the Fifth Kerala Legislative Assembly with effect from 10th November 1979.

ഭേദഗതി വരുത്തപ്പെട്ട ഇന്ത്യൻ ഭരണഘടന 174-ാം അനുച്ഛേദം 2-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങളും വിനിയോഗിച്ച് കേരളസംസ്ഥാന ഗവർണ്ണർ അഞ്ചാം കേരള നിയമസഭയുടെ ആറാം സമ്മേളനം 1979 നവംബർ 10-ാം തീയതി മുതൽ ഇതിനാൽ സമാപിപ്പിച്ചിരിക്കുന്നു.

(By order of the Governor)

DR. R. PRASANNAN,
Secretary, Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly